"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ - വിദേശങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന മലയാളികളുടെ ക്വാറന്റൈൻ - പാലിയേറ്റീവ് ചികിത്സയിൽ കഴിയുന്ന രോഗികൾ ഉള്ള വീടുകളിൽ ഹോം ക്വാറന്റൈൻ ഒഴിവാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

G.O.(Rt)No.963/2020/LSGD തീയതി,തിരുവനന്തപുരം. 25/05/2020

---

പരാമർശം:- 1 സ.ഉ.(സാധാ)നം.849/2020/ത.സ്വ.ഭ.വ തീയതി 09.05.2020

2 സ.ഉ.(സാധാ)നം.857/2020/ആ.കു.വ തീയതി 10.05.2020

**ഉത്തരവ്**

കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ വിദേശങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും മടങ്ങിയെത്തുന്ന മലയാളികളെ ക്വാറന്റൈനിൽ പാർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം പാലിയേറ്റീവ് ചികിത്സയിൽ കഴിയുന്ന രോഗികൾ ഉള്ള വീടുകളിലും ഇത്തരത്തിൽ വിദേശങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും മടങ്ങിയെത്തുന്നവർ ഹോം ക്വാറന്റൈനിൽ കഴിയുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത് പാലിയേറ്റീവ് ചികിത്സയിൽ കഴിയുന്ന രോഗിക്ക് മതിയായ പരിചരണം ലഭിക്കുന്നതിന് തടസ്സം സൃഷ്ടിക്കാൻ സാധ്യതയുണ്ടെന്ന് സർക്കാർ കാണുന്നു.

2. മേൽ സാഹചര്യത്തിൽ ഹോം ക്വാറന്റൈൻ സ്വീകരിക്കുന്ന / ഹോം ക്വാറന്റൈനിൽ അയക്കപ്പെടുന്ന വ്യക്തികളുടെ വീടുകളിൽ പാലിയേറ്റീവ് ചികിത്സയിൽ കഴിയുന്ന രോഗികൾ ഇല്ല എന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പ് വരുത്തേണ്ടതും നിലവിൽ ഹോം ക്വാറന്റൈനിൽ കഴിയുന്ന ഏതെങ്കിലും വ്യക്തിയുടെ വീട്ടിൽ പാലിയേറ്റീവ് ചികിത്സയിൽ കഴിയുന്ന രോഗി ഉള്ള പക്ഷം ഹോം ക്വാറന്റൈൻ ഒഴിവാക്കി ടിയാനെ നിർദ്ദിഷ്ട ദിവസത്തേയ്ക്ക് ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിൽ പാർപ്പിക്കാൻ ആവശ്യമായ നടപടികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ടതുമാണ് എന്ന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
PRINCIPAL SECRETARY

പകർപ്പ്: പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ കലക്ടർമാർക്കും

എല്ലാ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.06.25 16:20:37 IST
Reason: Approved
സെക്ഷൻ ഓഫീസർ